**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **20-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയ കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു പുതിയ കായിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കായിക നയത്തിലൂടെ വിഭാവനം ചെയ്യുന്നത് എന്തൊക്കെ കാര്യങ്ങളാണെന്നു വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033 – ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023 ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം ആരോഗ്യം, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവ ശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക |

| | | | |
|---|---|---|---|
| | | | പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു.<br><br>എല്ലാവർക്കും സ്പോർട്സ് എന്നതിന് ഊന്നൽ നൽകി കൊണ്ട് സമൂഹത്തിലെ എല്ലാവിഭാഗങ്ങൾക്കും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം സൃഷ്ടിക്കുകയും. ഓൺലൈനായുള്ള സ്പോർട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുക, ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്കുള്ള അടിത്തറ പാകുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. കൂടാതെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, സ്പോർട്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരുവാനും, സ്പോർട്സ് അടിസ്ഥാന സൗകര്യ നിർമ്മാണം, സ്പോർട്സ് മേളകൾ, സ്പോർട്സ് അക്കാഡമികളുടെ നിർമ്മാണം എന്നിവയിൽ സ്വകാര്യമേഖലയിൽ നിന്നും നിക്ഷേപം ക്ഷണിക്കുവാനും കായിക നയം കൊണ്ട് ഉദ്ദേശിക്കുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കായിക ആവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിൽ പുതിയ കായിക നയം എത്രത്തോളം പ്രയോജനപ്പെട്ടുമെന്നു വിശദമാക്കുമോ? | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033 – ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023 ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം ആരോഗ്യം, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, |

| | | | |
|---|---|---|---|
| | | | വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവ ശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു.<br><br>എല്ലാവർക്കും സ്പോർട്സ് എന്നതിന് ഊന്നൽ നൽകി കൊണ്ട് സമൂഹത്തിലെ എല്ലാവിഭാഗങ്ങൾക്കും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം സൃഷ്ടിക്കുകയും. ഓൺലൈനായുള്ള സ്പോർട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുക, ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്കുള്ള അടിത്തറ പാകുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. കൂടാതെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, സ്പോർട്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരുവാനും, സ്പോർട്സ് അടിസ്ഥാന സൗകര്യ നിർമ്മാണം, സ്പോർട്സ് മേളകൾ, സ്പോർട്സ് അക്കാഡമികളുടെ നിർമ്മാണം എന്നിവയിൽ സ്വകാര്യമേഖലയിൽ നിന്നും നിക്ഷേപം ക്ഷണിക്കുവാനും കായിക നയം കൊണ്ട് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ